**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - പത്തനംതിട്ട നഗരസഭ - വിജിലൻസ് മിന്നൽ പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി. അനു. ആർ. എസ്. നെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് .പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 332/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 06.02.2017.

==========================================================================

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.04.2014 തീയതിയിലെ E3(SC 36/ 2013 /PTA) 31857/2013 നമ്പർ കത്ത്.
2) പത്തനംതിട്ട നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി അനു. ആർ. എസ്. ന് നൽകിയ 14.01.2015 തീയതിയിലെ 74353/ഇയു1/14/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
3 കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി അനു. ആർ. എസ് സമർപ്പിച്ച 16.02.2015 തീയതിയിലെ പ്രതിവാദ പത്രിക.
4) നഗരകാര്യ ഡയറക്ടറുടെ 21.08.2015, 05.08.2016 തീയതികളിലെ വി1-1935/2015/ഡിയുഎ നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പത്തനംതിട്ട നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 09.09.2013 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ടി നഗരസഭയിൽ കാഷ്വൽ ലീവ് രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ലെന്നും ഇത്തരത്തിൽ മേൽനോട്ടത്തിന്റെ അഭാവം ഉള്ളതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിൽ പത്തനംതിട്ട നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി അനു.ആർ.എസ്. നെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. ടി ശുപാർശ സർക്കാർ അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി. ആയതിന് ശ്രീമതി. അനു.ആർ.എസ്. സമർപ്പിച്ച പരാമർശം (3) ലെ പ്രതിവാദ പത്രികയിൽ ജില്ലാ ആസ്ഥാനത്ത് സ്ഥിതിചെയ്യുന്ന പത്തനംതിട്ട നഗരസഭ, ശബരിമല ക്ഷേത്രത്തിന്റെ ഇടത്താവളം ആയതിനാൽ വളരെയധികം തിരക്കുകൾ ഉള്ളതായും, നഗരസഭാ സെക്രട്ടറി എന്ന നിലയിൽ ജോലി തിരക്ക് ഉള്ളതിനാൽ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 50/2 പ്രകാരം കാഷ്വൽ ലീവ് രജിസ്റ്റർ, പേഴ്സണൽ ഡിക്ലറേഷൻ ക്യാഷ് രജിസ്റ്റർ എന്നിവകൾ പരിപാലിക്കുന്നതിന് ജനറൽ സെക്ഷൻ സൂപ്രണ്ടിന് അധികാരം നൽകിയിരുന്നെങ്കിലും കാഷ്വൽ ലീവ് സംബന്ധിച്ച വിവരങ്ങൾ ഹാജർ പുസ്തകത്തിന്റെ ഒരുഭാഗത്ത് തന്നെ രേഖപ്പെടുത്തുകയും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ യഥാവിധി പരിപാലിക്കാതിരിക്കുകയും ചെയ്തിരിക്കുകയാണ് എന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിൽ മന:പൂർവ്വമായ മേൽനോട്ടക്കുറവ് ടിയാളുടെ ഭാഗത്ത് നിന്നും

സംഭവിച്ചിട്ടില്ലായെന്നും വിജിലൻസ് പരിശോധനയെത്തുടർന്ന് ടി രജിസ്റ്ററുകൾ കൃത്യമായി പാലിച്ച് വരുന്നുവെന്നും ടിയാൾ ബോധിപ്പിച്ചു. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിലെ വീഴ്ച മാപ്പാക്കി ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൾ അപേക്ഷിച്ചിരിക്കുന്നു.

2) രജിസ്റ്ററുകൾ പരിശോധിച്ചതിൽ 2013, 2014, 2015 വർഷങ്ങളിലെ കാഷ്വൽ ലീവ് രജിസ്റ്ററുകൾ എഴുതി തയ്യാറാക്കി യഥാവിധി ഒപ്പ് രേഖപ്പെടുത്തി തൃപ്തികരമായി പരിപാലിച്ചിട്ടുള്ളതായും, പരിശോധന നടത്തിയ തീയതിക്കു ശേഷം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ കൃത്യമായി പരിപാലിച്ചു പോരുന്നതായും ബോദ്ധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ജോലിത്തിരക്കുകൾ കൊണ്ട് വന്നുപോയ ബോധപൂർവ്വമല്ലാത്ത ഒരു വീഴ്ചയാണ് ഇതെന്ന വസ്തുത കണക്കിലെടുത്തും തുടർന്ന് തൃപ്തികരമായ രീതിയിൽ പോരായ്മ പരിഹരിച്ച് രേഖകൾ പരിപാലിച്ചു വരുന്നുവെന്ന വസ്തുത കണക്കിലെടുത്തും ടിയാൾക്ക് മാപ്പ് നൽകി അച്ചടക്ക നടപടി തീർപ്പു കൽപ്പിക്കുവാൻ നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം സർക്കാരിനോട് ശുപാർശ ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. അനു. ആർ.എസിന്റെ പ്രതിവാദ പത്രികയിലെ വിശദീകരണവും, നഗരകാര്യ ഡയറക്ടറുടെ പരാമർശം 4 ലെ റിപ്പോർട്ടും പരിഗണിച്ച് പത്തനംതിട്ട നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 09.09.2013 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് പ്രസ്തുത കാലയളവിൽ ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി. അനു.ആർ.എസ്. നെതിരെ പരാമർശം 2 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി ടിയാൾക്ക് താക്കീത് നൽകി അവസാനിപ്പിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), ആഡിറ്റ്, തൃശൂർ
സെക്രട്ടറി, പത്തനംതിട്ട നഗരസഭ.
ശ്രീമതി. അനു. ആർ. എസ്., നഗരസഭാ സെക്രട്ടറി,
പത്തനംതിട്ട നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് ( 14.11.2016 തീയതിയിലെ 10744/ഡി1/16/വിജി. നമ്പർ പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**